# പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3324 — 24.06.2013 ന് മറുപടിയ്ക്ക്.

## വന്യമൃഗ ആക്രമണം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ, മൂക്കന്നൂർ ഗ്രാമപഞ്ചായത്തുകളിലെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വന്യമൃഗങ്ങളുടേയും, കാട്ടാനകളുടേയും ആക്രമണം തടയുന്ന കാര്യത്തിൽ ഫണ്ട് ലഭ്യമല്ല എന്ന കാരണം ചൂണ്ടിക്കാട്ടി വനം വകുപ്പ് കാണിക്കുന്ന അനാസ്ഥയ്ക്കെതിരെ നടപടി സ്വീകരിക്കുമോ ; | (എ) അനാസ്ഥ കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്കമാലി നിയോജക മണ്ഡലത്തിലെ ആതിരപ്പള്ളി റെയിഞ്ചിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ കാട്ടാനശല്യം, വന്യമൃഗശല്യം എന്നിവ തടയുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് 3 കിലോമീറ്റർ ദൂരം സോളാർ ഫെൻസിംഗ് നിർമ്മാണം നടത്തുകയും, വനപാലകരുടെ നേതൃത്വത്തിൽ പ്രദേശവാസികളുടേയും വനസംരക്ഷണ സമിതികളുടേയും പങ്കാളിത്തത്തോടെ പ്രത്യേക ടീമുകൾ രൂപീകരിച്ചുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നുണ്ട്. അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ പാണ്ടുപാറ ഭാഗത്ത് 4 കിലോമീറ്റർ സൗരവേലി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ഇതിനായി ഫണ്ട് ലഭ്യമാക്കാനും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകുന്നതിനുമായി അടിയന്തിര നടപടി സ്വീകരിക്കുമോ ; | (ബി) പരിശോധിക്കുന്നതാണ്. |
| (സി) സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ ? | (സി) സൗരോർജ്ജവേലി നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.